**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1548** **10-10-2024 - ൽ മറുപടിയ്ക്ക്**

**വയനാട് ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എത്തിച്ചേർന്ന വോളണ്ടിയേഴ്സിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ജില്ലാ ഭരണകൂടം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ; | (എ) | മുണ്ടക്കൈ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് പ്രതിദിനം രണ്ടായിരത്തോളം വോളണ്ടിയേഴ്സിന്റെ സേവനം, രക്ഷാ പ്രവർത്തനം, ദുരിതാശ്വാസ ക്യാമ്പുകൾ, ഡാറ്റാ കളക്ഷൻ, കമ്മ്യൂണിറ്റി കിച്ചൺ, ശുചീകരണം, ആശുപത്രിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നീ മേഖലകളിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വോളണ്ടിയേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തുക ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ? | (ബി) | വോളണ്ടിയേഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വിവിധ ചെലവുകൾ കണക്കാക്കി വരുന്നു. വാഹനം, താമസം, ഭക്ഷണം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, റെയിൻ കോട്ട്, ബൂട്ടുകൾ, റസ്പോൺസ് കിറ്റുകൾ എന്നിവയുടെ ലഭ്യമാക്കലുമായി ബന്ധപ്പെട്ട ചിലവുകൾ പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ